
ക
അ
ഭ
വാക്കുകൾ പൂക്കും കാലം
ഇ
G.H.S.Edakochi





## സന്ദേശം



വിവരവിനിമയസാങ്കേതികവിദ്യയുടെ വരവോടെ കുട്ടികളിലും ക്ലാസ് മുറികളിലും വന്ന മാറ്റങ്ങൾ വളരെ ശ്രദ്ധേയമാണ്. ഏത് അറിവും വിരൽത്തുമ്പിൽക്കിട്ടുന്ന ഇക്കാലത്ത് കുട്ടികളെ ശരിയായ ദിശാബോധത്തോടെ നയിക്കുക എന്ന ശ്രമകരമായ ജോലിയാണ് അദ്ധ്യാപകനുള്ളത്. പഴമയുടെ തനിമ നിലനിർത്തി പുതിയ അറിവുകൾ ഉൾക്കൊണ്ടുകൊണ്ട് വരുംതലമുറയ്ക്ക് അറിവിന്റെ പുതുവഴികൾ ചൂണ്ടിക്കാണിക്കുന്ന ഒരു വഴികാട്ടിയാകണം അദ്ധ്യാപകർ. കുട്ടികൾ പുത്തൻ ആശയങ്ങളുടെ നിർമ്മാതാക്കളായി മാറണം. കാലഘട്ടത്തിന്റെ അറിവുകളിൽ ഒതുങ്ങിക്കൂടാതെ വിജ്ഞാനത്തിന്റെ പടവുകൾ ഓരോന്നും പിന്നിടുമ്പോൾ നമ്മെ നാം ആക്കി മാറ്റിയവരെ മറക്കാതിരിക്കാൻ, പുച്ഛിക്കാതിരിക്കാൻ, നമ്മുടെ ഓരോ പുത്തൻ അറിവും ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു...

കെ. ജെ. ഓമന
പ്രധാന അദ്ധ്യാപിക

# ഒരു അറിവും ചെറുതല്ല



ഒരു അറിവും ചെറുതല്ല, അറിഞ്ഞതൊന്നും വലിയ അറിവുകളുമല്ല
ഇനി അറിയാൻ ഉള്ളതാണ് വലിയ അറിവ്
അതിനായി നമുക്ക് പരിശ്രമിക്കാം

# വാക്കുകൾ പൂക്കുന്നതും കാത്ത്

വാക്കും അർത്ഥവും ലയിച്ചുചേർന്ന
ആദ്യകാവ്യങ്ങളിൽ നിന്ന്
വാക്കിനെ പല മാനങ്ങളിൽ കണ്ട
ഉത്തരോത്തരം പിന്നിട്ട സാഹിത്യത്തിലേക്ക്,
മഹാതരുക്കളാൽ വഴിതിരിഞ്ഞ്
ഇളം നാമ്പുകളെ തഴുകിയുണർത്തി
മണൽ രേഖയാൽ ചരിത്രമെഴുതി
വളക്കൂറിനാൽ വിപ്ലം വിളയിച്ച്
അരികോരം ചേർന്നവയെതന്നിലേക്കടുപ്പിച്ച്
ഭാഷേ, നിന്റെ വാക്കുകൾ പൂക്കുന്നതും കാത്ത്...

ബിനിത പി.എം.

# സത്യം അറിഞ്ഞപ്പോൾ



ബൗ... ബൗ.......ബൗ...

രാജുചേട്ടൻ ഉറക്കത്തിൽ നിന്ന് ഞെട്ടി എണീറ്റു...

അയാൾ പുറത്ത് വന്ന് നോക്കിയപ്പോൾ ഒരു നല്ല പട്ടിക്കുട്ടി തണുത്ത് വിറച്ച് മുറ്റത്ത് കിടക്കുന്നു. അതിന്റെ നിഷ്കളങ്കമായ മുഖം കണ്ടപ്പോൾ അയാളുടെ ഹൃദയം അലിഞ്ഞുപോയി.

അയാൾ അതിനെ എടുത്ത് മടിയിൽ വെച്ചു. എന്നിട്ട് അയാൾ അതിന് കഴിക്കാൻ പറ്റുന്ന രീതിയിൽ പുട്ടും പാലും പഞ്ചസാരയും മിശ്രതമാക്കി കൊടുത്തു. അയാൾ അതിനെ വളർത്താൻ തീരുമാനിക്കുകയും അവൾക്ക് 'ടിങ്കു' എന്ന് പേരിടുകയും ചെയ്തു. അവളെ അയാൾ സ്വന്തം മോളെപോലെ സ്നേഹിച്ചിരുന്നു. അയാൾക്ക് ഒരു കുരുത്തംകെട്ട മോനുണ്ടായിരുന്നു. അവന്റെ പേരാണ് ആനന്ദ്. അവനും ടിങ്കുവിനെ വളരെ ഇഷ്ടമായിരുന്നു. പക്ഷെ അവൻ പിച്ചിയാണ് അവന്റെ സ്നേഹം കാണിച്ചിരുന്നത്. ഒരു ദിവസം ഇവൻ ഒരു കൗതുകത്തിന് ടിങ്കുവിന്റെ വായിൽ കയ്യിട്ടു. അവന് ആവശ്യത്തിനുള്ളത് കിട്ടുകയും ഉണ്ടായി. പക്ഷെ, അവൻ ഈ കാര്യം വീട്ടിൽ പറഞ്ഞില്ല. രണ്ട് ദിവസം കഴിഞ്ഞപ്പോൾ അവൻ ഒരു പുസ്തകം വായിക്കാൻ ഇടയായി. അതോടെ അവന്റെ മനസ്സമാധാനം മുഴുവനും പോയിക്കിട്ടി. അവൻ അമ്മയോട് ആ കാര്യം പറഞ്ഞപ്പോൾ അമ്മ അവനെ ശകാരിച്ചു. എന്നിട്ട് അവനെ ആശുപത്രിയിൽ കൊണ്ടുപോയി.

നമ്മൾ സത്യം പറയുന്നത് ഒഴിവാക്കിയാൽ ആ സത്യം എന്നെങ്കിലും മറ്റുള്ളവർ അറിയുമ്പോൾ ആദ്യം ഉണ്ടാവുന്നതിനെക്കാൾ കൂടുതൽ പ്രശ്നങ്ങൾ പിന്നീട് ഉണ്ടാകും.

അർച്ചന കെ.എസ്.
9 ബി

# സ്വപ്നങ്ങൾ കൊയ്യേണ്ട കുട്ടികൾ വയലുകൾ കൊയ്താലോ



നമ്മൾ പലപ്പോഴും നമുക്ക് കിട്ടിയിട്ടുള്ള സൗകര്യങ്ങളേക്കാളേറെ സൗകര്യക്കുറവുകൾക്കാണ് പ്രധാന്യം കൊടുക്കുന്നത്. അമ്മയുണ്ടാക്കിത്തരുന്ന ആഹാരത്തിന് അൽപം രുചികുറഞ്ഞുപോയാൽ, ഫാഷൻ വസ്ത്രങ്ങൾ കിട്ടാൻ, സ്മാർട്ട് ഫോൺ കിട്ടാൻ നാം ആവുന്നത്ര ബഹളം വെയ്ക്കും.

പലപ്പോഴും അച്ഛനമ്മമാർ നമ്മുടെ ശാഠ്യത്തിന് വഴങ്ങി നമ്മുടെ ആഗ്രഹം സാധിച്ചു തരും. എന്നാൽ നമ്മളുടെ അതേ പ്രായത്തിലോ അതിലും കുറഞ്ഞ പ്രായത്തിലോ ഉള്ള എത്രയെത്ര കുഞ്ഞുങ്ങളാണ് ബാലവേലയിൽ ഏർപ്പെടുന്നത്. ഹോട്ടലുകളിലും, കെട്ടിട നിർമ്മാണത്തിലും, കൃഷിസ്ഥലങ്ങളിലും അവർ പലവിധത്തിൽ കഷ്ടപ്പെടുന്നു. പുസ്തകങ്ങളും കളിക്കോപ്പുകളും കൈയ്യിൽ പിടിക്കേണ്ട തന്റെ പ്രായത്തിൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്നു.

കുട്ടികളെ അവരുടെ ശാരീരികവും, മാനസികവും, ബൗദ്ധികവുമായ വികാസത്തിന് പ്രപ്തരാക്കുന്ന വിദ്യാഭ്യാസമെന്ന മൗലീകാവകാശത്തിൽ നിന്നും വേർപെടുത്തി വേതനം നൽകിയോ നൽകാതെയോ തൊഴിലെടുപ്പിക്കുന്നതാണ് ബാലവേല. ലോകത്താകെ ഇരുപത്തിയൊന്നു കോടിയോളം കുട്ടികൾ ബാലവേലയിൽ ഏർപ്പെടുന്നു എന്ന് ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ദാരിദ്ര്യവും, തൊഴിലില്ലായ്മയും, നിരക്ഷരതയും, കുടുംബ പ്രശ്നങ്ങളുമെല്ലാം ബാലവേലയ്ക്ക് കാരണമാണ്.

2001ലെ കണക്കെടുപ്പു പ്രകാരം ഏകദേശം ഒരു ലക്ഷത്തി ഇരുപതിനായിരത്തിലേറെ കുഞ്ഞുങ്ങൾ ഇന്ത്യയിൽ അപകടകരമായ മേഖലകളിൽ പണിയെടുക്കുന്നുണ്ട്. ഹോട്ടലുകൾ, നെയ്ത്തുശാലകൾ, കെട്ടിടനിർമ്മാണമേഖലകൾ തുടങ്ങി ഏറെ അപകടം പിടിച്ച ക്വാറികളിലും, ഖനികളിലും വരെ കുട്ടികൾ തൊഴിലെടുക്കുന്നു. ഭിക്ഷാടനത്തിനും ലഹരികടത്തിനുമായി കുട്ടികളെ ഉപയോഗിക്കുന്ന തരത്തിലുള്ള ചൂഷണങ്ങൾ വേറെയും. ബാലവേലകളിൽ ഏർപ്പെടുന്ന കുട്ടികൾ മാനസികവും ശാരീരികവുമായി അനുഭവിക്കുന്ന യാതനകൾ ഏറെയാണ്. ഇത് കുട്ടികളെ സ്വാഭാവികമായും അക്രമമാർഗ്ഗത്തിലേക്ക് തിരിച്ചുവിടും. മറ്റുള്ളവരുടെ ക്രൂരമായ പെരുമാറ്റങ്ങൾ അവരെ സമൂഹത്തിനെതിരായി ചിന്തിപ്പിക്കുകയും

പ്രവർത്തിപ്പിക്കുകയും ചെയ്യും.

ഒരാളിൽ സ്വഭാവരൂപവൽക്കരണം നടക്കുന്നത് അയാളുടെ ബാല്യകാലത്താണ്. അതിനു സഹായിക്കുന്നവരാകട്ടെ ഒരു പരിധിവരെ അദ്ധ്യാപകരും. ആദ്യ വിദ്യാലയം കുടുംബമാണ്. ബാലവേലയ്ക്കായി പറഞ്ഞയക്കപ്പെടുന്ന കുട്ടികൾക്ക് ഇത് രണ്ടും നിഷേധിക്കപ്പെടുന്നു. കുടുംബത്തിൽ നിന്നും ലഭിക്കേണ്ട സ്നേഹത്തിന്റെ ഊഷ്മളതയും, വിദ്യാലയത്തിൽ നിന്നു ലഭിക്കേണ്ട വിദ്യയുടെ ഉണർവും ലഭിക്കാതെ പണിശാലകളിൽ മാടുകളെ പേലെ വളരുന്ന കുട്ടികൾക്ക് ക്രമേണ മനസ്സ് തന്നെയും മരവിച്ചു പോകുന്നു. അവരുടെ സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റേയും തലങ്ങൾ തികച്ചും അപക്വമായിത്തീരുന്നു.

ഇന്ത്യ അടക്കം ഒട്ടേറെ രാജ്യങ്ങൾ ബാലവേല നിരോധിച്ചിട്ടുണ്ട്. 14 വയസ്സിൽ താഴെയുള്ള കുട്ടികളെ ജോലികളിൽ നിയമിക്കുന്നത് പൂർണ്ണമായി നിരോധിച്ചുകൊണ്ട് 1986ലെ ചൈൽഡ് ലേബർ ആക്ട്, 2016ൽ ഭേദഗതി ചെയ്തു. 14 വയസ്സ് തികയാത്ത കുട്ടികളെക്കൊണ്ട് ജോലി ചെയ്യിച്ചാൽ 2 കൊല്ലം തടവും,അരലക്ഷം രൂപ പിഴയും ശിക്ഷ ലഭിക്കും. വാണിജ്യപരമായ ജോലികൾ ചെയ്യാൻ മാതാപിതാക്കളോ രക്ഷകർത്താക്കളോ കുട്ടികളെ മനഃപൂർവ്വം അനുവദിച്ചാൽ അവർക്കും ശിക്ഷയുണ്ട്.

ഒരു രാജ്യത്തെ ചൈതന്യം അവിടത്തെ കുട്ടികളാണ്. അവരുടെ സന്തോഷ പൂർണ്ണമായ ജീവിതം രാജ്യത്തെ ഉന്നതിയിലെത്തിക്കും സംഘടിതമായ പ്രവർത്ത നങ്ങളിലൂടെ ബാലവേല എന്ന വിപത്തിനെ പൂർണ്ണമായും തുടച്ചു നീക്കാനാകും. മഹത്തായ ഒരു സംസ്കാരപാരമ്പര്യത്തിനുടമകളാണ് ഭാരതീയർ.

ഭരതീയ സംസ്കാരത്തിന് അപമാനമാണ് ബാലവേല എന്ന വിപത്ത്. രാജ്യത്തിന്റെ അഭിവൃദ്ധിക്കും അഭിമാനത്തിനും അതിനെ പൂർണമായും ഉന്മൂലനം ചെയ്യുന്ന കർമ്മത്തിൽ നമ്മൾക്കും പങ്കാളികളാകാം...

"കെട്ടിടങ്ങളല്ല, കുട്ടികൾ അവരുടെ സ്വപ്നങ്ങൾ പണിതുയർത്തട്ടെ..."

ഗൗരി പാർവ്വതി
9 ബി

# ഒരു നായയുടെ കഥ



ഒരിടത്ത് ഒരു നായ ഉണ്ടായിരുന്നു. ആ നായയ്ക്ക് 6 കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. 5 നായക്കുഞ്ഞുങ്ങളെ ആളുകൾ തള്ളപ്പട്ടി കാണാതെ കൊണ്ടുപോയി. ആറാമത്തെ നായക്കുഞ്ഞിനെ ഒരു ദുഷ്ടനായ വ്യക്തിയാണ് എടുത്തത്. ആദ്യം അയാൾ അതിനെ നന്നായി വളർത്തി. പിന്നീട് ആ നായയെ അയാൾ ഉപദ്രവിക്കാൻ തുടങ്ങി. അയാൾ ഒരു ദിവസം ഒരുപരിപാടികഴിഞ്ഞ് മദ്യപിച്ച് വാഹനം ഓടിച്ച് മടങ്ങിവന്നവഴി വാഹനാപകടം സംഭവിച്ചു അത് അയാളുടെ വീടിന്റെ പരിസരത്തായിരുന്നു. അയാളുടെ നായ എന്തോ ശബ്ദം കേട്ടു ചെന്നപ്പോൾ അയാൾ വാഹനം അപകടം സംഭവിച്ച് റോഡിൽ കിടന്നു ജീവനു വേണ്ടി പിടയുന്നു. ആ നായ ഉടൻ തന്നെ വീട്ടിലേക്ക് ഓടിച്ചെന്ന് അയാളുടെ ഭാര്യയെയും മകനെയും കൂട്ടി സംഭവസ്ഥലത്ത് ചെന്നു. അയാളുടെ ഭാര്യയും മകനും കരഞ്ഞു. അയാളുടെ ഭാര്യ വീട്ടിൽ ചെന്നു കാറെടുത്ത് ആശുപത്രിയിൽ കൊണ്ടുപോയി. ആദ്യം ചെന്ന ആശുപത്രിയിൽ ആക്സിഡന്റ് കേസ് എടുക്കില്ലെന്നു പറഞ്ഞു അങ്ങനെ രണ്ടാമത്തെ ആശുപത്രിയിൽ ചെന്നപ്പോൾ എടുത്തു. ക്രിട്ടിക്കൽ സ്റ്റേജിൽ ആയതുക്കൊണ്ട് ബ്ലഡ് വേണമെന്നു പറഞ്ഞു. അയാളുടെ മകൻ അവരുടെ ആൾക്കാരേയും, ബന്ധുകളെയും വിളിച്ചു നോക്കി. പക്ഷെ, ആരും വന്നില്ല. അങ്ങനെ അയാളുടെ ഒരു കൂട്ടുകാരൻ കൊടുക്കാമെന്ന് പറഞ്ഞു. ഓപ്പറേഷൻ കഴിഞ്ഞു അയാൾക്ക് സുഖമായി. അയാളെ വെന്റിലേറ്ററിൽ നിന്നും റൂമിലേക്ക് മാറ്റി.

അപ്പോൾ അയാളുടെ ഭാര്യയോട് അയാൾ ചോദിച്ചു: 'എന്നെ ആരാണ് രക്ഷിച്ചത്?' ഭാര്യ പറഞ്ഞു: 'നമ്മുടെ നായയാണ് ഞങ്ങളെ വിളിച്ചത്. ആ നായയില്ലായിരുന്നെങ്കിൽ എന്റെ മകന് അച്ഛനില്ലാതെയാകുമായിരുന്നു'.

'പാവം! ഞാനതിനെ ഒരുപാട് ഉപദ്രവിച്ചു'. അയാളുടെ കണ്ണിൽ വെള്ളം തുളുമ്പി നിന്നു. അയാളുടെ മകൻ പറഞ്ഞു: 'അച്ഛാ, നമ്മൾ വളർത്തുന്ന ജീവികളെ ഉപദ്രവിക്കാൻ പാടില്ല'. അപ്പോൾ അദ്ദേഹം കരഞ്ഞു. അയാളെ ഡിസ്ചാർജ് ചെയ്തു

വീട്ടിൽ വന്നപ്പോൾ ആദ്യം തിരക്കിയത് ആ നായയെയാണ്. അയാൾ നോക്കിയപ്പോൾ നായ പേടിച്ച് മാറിനിന്നു. അയാൾ പുഞ്ചിരിയോടെ പറഞ്ഞു. ഇങ്ങടുത്തുവാ... നായ ഓടിവന്നു അയാളുടെ അടുത്ത് നിന്നപ്പോൾ അയാൾ ആ നായയെ വാരിപ്പുണർന്നു. അപ്പോൾ അയാൾക്കു മനസ്സിലായി ആരെയും കുറച്ചു കാണരുത്. ഒരാവശ്യ സമയത്ത് ആരും തിരിഞ്ഞ് നോക്കാതിരുന്നാൽ ആ നായ ഉണ്ടായപോലെ ആരെങ്കിലും ഉണ്ടാവും.

അതുൽ കൃഷ്ണ എം.എസ്
9 ബി

***

# ഒരോർമ്മ



ഒക്ടോബർ, നവരാത്രി ദിവസം.

എന്റെ ജീവിതത്തിൽ മറക്കാത്ത വളരെ സന്തോഷകരമായ ദിവസമായിരുന്നു.

അമ്പലത്തിൽ എന്റെ വയലിൻ അരങ്ങേറ്റം ആയിരുന്നു. അമ്പലത്തിൽ കുറെ കൂട്ടുകാർ ഉണ്ടായിരുന്നു. ഒരു മണിക്ക് അരങ്ങേറ്റത്തിന്റെ കുട്ടികൾ ആശാന് ദക്ഷിണയും മുണ്ടും കൊടുക്കാൻ തുടങ്ങി. കുറച്ചു നേരം കഴിഞ്ഞപ്പോൾ പരിപാടി തുടങ്ങി. ആശാൻ സ്റ്റേജിൽ കയറി കുട്ടികളുടെ പേര് പറഞ്ഞു. 'അഭിഷേക്' എന്നു പേര് വിളിച്ചപ്പോൾ എന്റെ നെഞ്ചിടിപ്പുകൂടി. ഞാൻ ആദ്യമായി അരങ്ങിൽ വയലിൻ വായിച്ചു. ഒമ്പതുമണിയോടെ പരിപാടികൾ അവസാനിച്ചു. കുട്ടികൾ എല്ലാവരും ഭക്ഷണം കഴിച്ചു. എല്ലാം കഴിഞ്ഞ് ആദ്യമായി എനിക്കും എന്റെ കൂട്ടുകാർക്കും 50 രൂപ വീതം കിട്ടി. ആ ദിവസം എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസമായിരുന്നു.

അഭിഷേക് കെ.എ.

9 ബി

***

# നിശാഗന്ധി



നിശ്ശബ്ദമായാം രാവിന്റെ മാറിൽ
നിശാഗന്ധിയായ് നീ പൂത്തുലഞ്ഞു
ഏകാകിയാം നിൻ മൗനത്തിൻ രാഗം
കൗതുമായെന്നിൽ നിറഞ്ഞു


ഒരു നറു മന്ദഹാസത്താലിന്നു ഞാൻ
നിൻ തളിരിലകളിൽ സൗഹൃദത്തിൽ ചിത്രം വരച്ചു
ഹൃദ്യമാം നിൻ സുഗന്ധം ചുറ്റും പടരവേ
നിന്നെയറിയാതെ പോയതെന്തേവരും

ചിതറിത്തെറിക്കുന്ന പകലിൻ രോഷം
നിദ്രയായ് മാറുമീയാർദ്ര സന്ധ്യയിൽ
ഇരുളിൽ മറപറ്റി നിൽക്കുമീ നിൻ ചാരെ,
വരുവാനിന്നാർക്കും നേരമില്ല, സഖി...

രാത്രിയിൽ വിടരുന്ന പൂവാണു നീ
പകലിൽ തുടിപ്പിൽ ഞാനും...
പൂക്കാതിരിക്കാനാവില്ലൊരിക്കലും
നമുക്കീ പുണ്യഭൂമിയിൽ

ഏറെ ജന്മങ്ങൾ കാത്തിരിക്കാം...
നീ, പകലിൻ മാറിൽ വിടരുന്നതും കാത്ത്
അന്നു നിൻ ചാരെ ശലഭങ്ങളാർത്തു വിളിക്കും
നിത്യ വിസ്മയമായ് നീ പ്രഭ ചൊരിയും.

സാവിത്രി വി.
അദ്ധ്യാപിക (മലയാളം)



# മഴ

കോരിച്ചൊരിയുന്ന മഴത്ത് വയൽ വരമ്പിലൂടെ ഞാൻ സ്കൂളിലേക്ക് മെല്ലെ നടന്നു. മഴയുടെ താളം മനസ്സിൽ തുടിയുണർത്തി. വെള്ളം ചിതറിത്തെറിപ്പിച്ച്നടക്കുമ്പോൾ മനസ്സിൽ ഒരാശങ്കയുണർന്നു. വൈകുന്നേരം വരെ നനഞ്ഞ വസ്ത്രങ്ങളുമായി ഇരിക്കേണ്ടേ... പക്ഷെ, അതിലും വലുതായിരുന്നു ദേവികി ടീച്ചറുടെ വാക്കുകളുടെ മാധുര്യം... തോടും വയലും ചാടിക്കടന്ന് മെല്ലെ ചെമ്മൺ പാതയിലേക്ക് കയറി. റോഡ് ശൂന്യമാണ്. ഇരുവശവും കാടു പിടിച്ചു നിൽക്കുന്ന പറമ്പുകളിൽ നിന്ന് കരിമ്പനപ്പട്ടകൾ ഉരയുന്നതിന്റെ ശബ്ദം... ഭയത്തിന്റെ ചെറു നാമ്പുകൾ മനസ്സിൽ വേരോടാൻ തുടങ്ങിയപ്പോൾ മഴ വകവെക്കാതെ ഓടി. ആ ഓട്ടം അവസാനിപ്പിച്ചത് വാര്യത്തെ വീടിനടുത്ത് എത്തിയപ്പോഴാണ്. ഈ സമയം മഴയുടെ കുസൃതിയിൽ വസ്ത്രമാകെ നനഞ്ഞു കുതിർന്നു. നടത്തത്തിനു വേഗത കൂട്ടി... ഇനി മുല്ലയ്ക്കലെ അമ്പലം കഴിഞ്ഞ് സ്കൂൾ. ആ വളവ് കഴിഞ്ഞാൽ പ്രധാന റോഡിലെത്താം. റോഡ് മുറിച്ചു കടന്ന് സ്കൂളിലെത്തിയപ്പോൾ ചൂരൽ വടിയുമായി അച്യുതൻ മാഷ് വരാന്തയിൽത്തന്നെയുണ്ടായിരുന്നു. മഴയുടേതുപോലെ ... മെല്ലെ വരാന്തയിൽ കയറി പെട്ടന്നു തന്നെ മാഷുടെ ചൂരൽ കഷായത്തിന്റെ ചവർപ്പറിഞ്ഞു. പിന്നെ ഒരോട്ടമായിരുന്നു. അതവസാനിച്ചത് ദേവികിടീച്ചറുടെ അടുത്തായിരുന്നു. ടീച്ചറെ കണ്ടതും മുഖം തുടച്ച് ഒന്നു ചിരിച്ചു. മഴത്തുള്ളികൾ വഴിമാറി... എന്നാൽ ടീച്ചറുടെ മുന്നിൽ അതൊന്നും വിലപ്പോയില്ല. ആ മുഖത്തേക്കു നോക്കിയപ്പോൾ തന്നെ ഒരു സാന്ത്വനത്തിന്റെ നനവ് മനസ്സിൽ തേൻ ചൊരിഞ്ഞു. എന്തിനാ കുട്ടീ... ഈ മഴയത്ത്... ടീച്ചറുടെ വാക്കുകളെ ഭേദിച്ചു കൊണ്ട് ഞാൻ പറഞ്ഞു: ‘‘കുട ഇല്ല എന്നതു സത്യം... പക്ഷേ അതു മാത്രമല്ല... ടീച്ചർ ഒരിക്കൽ ക്ലാസ്സിൽ പറഞ്ഞിരുന്നില്ലേ, നമ്മെളെല്ലാവരും മഴയുടെ താളവും ഗന്ധവും അറിഞ്ഞിരിക്കണം. അതിന് മഴ നനയണം. ഇന്നലെ രാത്രി മഴ പെയ്യാൻ തുടങ്ങിയപ്പോൾ എന്റെ മനസ്സു മുഴുവൻ ടീച്ചറുടെ വാക്കുകളായിരുന്നു. അതു കൊണ്ട് തന്നെ നേരം വെളുക്കുവാൻ പ്രാർത്ഥിച്ചു കൊണ്ട് ഞാൻ കിടന്നു. പ്രതീക്ഷിച്ചതു പോലെ രാവിലെ മഴ തകർത്തു പെയ്തപ്പോൾ ആരുമറിയാതെ മെല്ലെ പുറത്തിറങ്ങി മഴയത്ത് നടന്നു. ടീച്ചർ പറഞ്ഞതു സത്യമാണ്. മഴയ്ക്ക് എന്തൊരു ചന്തമാണ്... ടീച്ചറുടെ വാക്കുകൾക്കും... വെള്ളം തെറിപ്പിച്ച് പുതുമണ്ണിൻ ഗന്ധം നുകർന്നും നടക്കുവാൻ എന്താ രസം...’’ ‘‘എന്റെ കുട്ടീ... നീയെന്താ ചെയ്തത്’’. എന്നു പറഞ്ഞു കൊണ്ട് ടീച്ചർ ചേർത്തു പിടിച്ച് പൊട്ടിക്കരഞ്ഞു. ഒരു കുഞ്ഞിനായ് കരുതി വെച്ച സ്നേഹം മുഴുവനും ആ വാക്കിലും തലോടലിലുമുണ്ടായിരുന്നു. അപ്പോഴും പുറത്ത് ശക്തിയായി മഴ പെയ്യുന്നുണ്ടായിരുന്നു. ആ താളത്തിനനുസരിച്ച് ഞങ്ങളും മഴപ്പാട്ടിലലിഞ്ഞു ചേർന്നു... ഒരു സ്വപ്നത്തിലെന്ന പോലെ..

സാവിത്രി വി.
അദ്ധ്യാപിക (മലയാളം)

## ഹായ് പലഹാരം



അരിയുണ്ടാ പൊരിയുണ്ടാ
അരവയറുണ്ടാലഴലുണ്ടാം

പുഴുങ്ങുണ്ടാ കിഴങ്ങുണ്ടാ
മുഴുവയറുണ്ടാൽ വയറുണ്ടാം

നല്ലോണത്തിൻ വറുത്തുപ്പേരി,
നന്നായ്ത്തിന്നു വെറുത്തുപ്പോരി,

പഴം പുഴുങ്ങിയതായാലും
പഴഞ്ചനെന്നേ തോന്നുന്നൂ

കൊറിക്കുവാൻ കൊതി, തരൂ തരൂ
വറുത്തൊരസ്സൽ പുലിങ്കുരു!

അർച്ചന പി. എസ്
4 എ

# നവ കേരളം

തൊണ്ണൂറ്റിനാലു വർഷങ്ങൾക്കു ശേഷം രണ്ടായിരത്തി പതിനെട്ടിലും രണ്ടാ യിരത്തിപ്പത്തൊൻപതിലും തുടർച്ചയായി അനുഭവിച്ച മഹാപ്രളയം കേരള ജനതയെ ഒന്നാകെ നടക്കുന്നതായിരുന്നു. പ്രകൃതിക്കുണ്ടാവുന്ന മാറ്റം എന്തുകൊണ്ടാണ്? എന്നാണ് മനുഷ്യർ ചിന്തിക്കുന്നത്. എന്നാൽ അത് നമ്മുടെ പ്രവൃത്തിഫലമാണ് എന്ന് ആരും മനസ്സിലാക്കുന്നില്ല. അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കാൻ ആരും തയ്യാറാവുന്നില്ല. മഹാപ്രളയം എന്നത് അമ്മയായ പ്രകൃതിയുടെ മറ്റൊരു മുഖമാണ്. താൻ ഒത്തിരി സ്നേഹിച്ച മക്കൾ തന്നെ ഇഞ്ചിഞ്ചായി കൊല്ലുമ്പോൾ ആ അമ്മയിൽ ഉണ്ടായ സങ്കടവും ദേഷ്യവുമാണ് നാം പ്രളയത്തിലൂടെ കണ്ടത്.

എന്തുകൊണ്ടാണ് പ്രളയം ഉണ്ടായത് എന്ന് ചോദിച്ചാൽ യാതൊരു സംശയവും കൂടാതെ ഞാൻ പറയും മനുഷ്യന്റെ ആർത്തിയെന്ന്. 'മനുഷ്യന് ആവശ്യത്തിനുള്ളത് പ്രകൃതിലുണ്ട്, എന്നാൽ മനുഷ്യന്റെ ആർത്തിതീർക്കാനുള്ളത് പ്രകൃതിയിലില്ല'. എന്ന മഹാത്മജിയുടെ വാക്കുകളിലും മനുഷ്യന്റെ അത്യാർത്തിയാണ് തെളിഞ്ഞു കാണുന്നത്.

സ്വന്തം സ്വാർത്ഥതയ്ക്കു വേണ്ടി മനുഷ്യർ പ്രകൃതിയെത്തന്നെയാണ് ഇല്ലാതെയാക്കുന്നത്. പ്രകൃതിയില്ലെങ്കിൽ ജീവൻ ഇല്ല എന്നുപോലും നമ്മൾ ഓർക്കുന്നില്ല. പരിസ്ഥിതിയെ മാറ്റി നിർത്തികൊണ്ടാണ് മനുഷ്യന്റെ ഓരോ നിർമ്മാണ പ്രവർത്തനങ്ങളും. തോടുകളും, വയലുകളും, കായലുകളും, പുഴകളും നികത്തി ഫ്ളാറ്റുകളും വീടുകളും മറ്റു കെട്ടിടങ്ങളും നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോഴും മനുഷ്യർ.

പ്രളയം കേരളത്തെ ഒന്നാകെ വിഴുങ്ങി താറുമാറാക്കിയിട്ടിരിക്കുകയാണ്. അതിനെ ഒരു നവകേരളമാക്കി പുനഃസൃഷ്ടിക്കുകയാണ് നമ്മൾ ഓരോരുത്തരുടേയും ലക്ഷ്യം. അതിനായി നമ്മൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ചേ വീടുകളും ഫ്ളാറ്റുകളും മറ്റു കെട്ടിടങ്ങളും നിർമ്മിക്കാവൂ. തണ്ണീർതടങ്ങളും പുഴകളും മറ്റുജലസ്രോതസ്സുകളും സംരക്ഷിച്ച് പ്ലാസ്റ്റിക്ക് വിമുക്തമായ ഒരു കേരളമാണ് നമുക്ക് സൃഷ്ടിക്കേണ്ടത്. അതി നായി പ്രകൃതിയുടെ മക്കളായ നമ്മളും പരിശ്രമിച്ചേതീരൂ. നിലവിലെ കേരളത്തിന്റെ പോരയ്മകൾ നികത്തി ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുക്ക് എല്ലാവർക്കും ഐക്യത്തോടെ മുന്നോട്ട് പോവാം.

ആൻ എലിസബത്ത്

10 ബി

# ഇരുട്ടിൽ വിരിഞ്ഞ പൂവ്



അമ്പിളിതൻ നിലാവേൽക്കാതെ
നിതാന്തതയിൽ മുങ്ങിയ രാവിൽ
പതുങ്ങി നിൽക്കുമാ ഇരുളിൽ വിരി-
ഞ്ഞ മലരിൻ കഥ ചൊല്ലീടാം...
ചീവിടിൻ സ്വരമുയ.രുന്ന ഒരു
സുന്ദരമാം ഇരുളിൽ രാവിൽ,
ഈറനണിഞ്ഞു നിൽക്കുന്നുവാ
കുഞ്ഞു പൂവിൻ സുരഭിലമാം പുഞ്ചിരി.
ഒന്നോർത്താൽ നല്ലതിനാം ആ പുഞ്ചിരി
ഇരുളിൽ ദുഃഖം വിങ്ങിപ്പൊട്ടി
കഴിയുകയാണാപ്പൂവ് ആണ്ടോളം...
വസന്തത്തിൽ ചെഞ്ചുണ്ടിലെ
പുഞ്ചിരിമായും വരെയും തീ അണയാതെ
നിൽക്കുന്നുവെന്നോർത്താൽ സങ്കടം...
പ്രപഞ്ചത്തിൻ സങ്കടമെല്ലാം
ഏറ്റെടുത്തു എൻ കുഞ്ഞുപ്പൂവ്
മനവരുടെ സ്വഭാവമാവാം എൻ
കുഞ്ഞുപൂവിൻ ദുഃഖ കാരണം...
ദുഃഖിക്കുന്നു എൻ കുഞ്ഞു പൂവിനെ പോലെ!
ലജ്ജിക്കുക നാം കേരളീയർ എന്നും
മാനവരെന്ന് ഓർക്കുക നമ്മൾ
പാപികളല്ല, ഭീരുക്കളല്ല എന്നോർക്കുക
ഇരുട്ടിൽ വിരിഞ്ഞ പൂവിന് പോലുമുണ്ട്
പ്രപഞ്ചത്തെ ഓർത്തൊരു സങ്കടം.
എന്നിട്ടും ഇല്ല ഈ മാനവരായ
നമ്മുക്കീ സങ്കടം!
കഷ്ടമാം ഒരു ജീവിതം തന്നെ!

അവന്തിക സുനിൽ
10 ബി

# ഇനി വരും തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?



നമ്മുടെ കൊച്ചു കേരളത്തിൽ മഹാപ്രളയം വന്നപ്പോൾ ജനങ്ങൾ എല്ലാവരും തന്നെ ഞെട്ടി വിറച്ചു. എന്നാൽ, അതിനു മനുഷ്യർ തന്നെയാണ് കുറ്റവാളികൾ പുഴയും കായലുകളുമെല്ലാം വറ്റിച്ചു ഫ്ളാറ്റുകൾ ഉയർന്നു. മൺതറകൾക്ക് പകരം കോൺക്രീറ്റ് തറകളായി. അങ്ങനെങ്ങനെ കാലം മാറിയതോടെ മനുഷ്യർ ലഹരിക്ക് അടിമകളായി. മനുഷ്യൻ മനുഷ്യരെ തന്നെ കൊല്ലുന്നു. മരങ്ങൾ വെട്ടി പുതിയ വീടുകൾ പണിയുന്നു. പക്ഷെ, ഒരു പ്രളയം വന്നപ്പോൾ എല്ലാവരും ഒത്തൊരുമയായി. വീണ്ടും മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കാൻ തുടങ്ങിയപ്പോൾ പ്രകൃതി തിരിച്ചു പ്രതികരിക്കാൻ തുടങ്ങി. സുനാമിയുടെയും, പ്രളത്തിന്റെയും രൂപത്തിൽ!

എന്നാൽ ശ്രീനാരായണഗുരു പറഞ്ഞതുപോലെ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'. ഇനിഫാസ്റ്റ് ഫുഡിന് വിട പറയണം. ഒരു കുട്ടി ജനിക്കുമ്പോൾ ഒരു മരം നട്ടുപിടിപ്പിക്കാൻ ശ്രമിക്കണം. പ്ലാസ്റ്റിക്ക് നിരോധിക്കണം. ഇങ്ങനെയൊക്കെ നമുക്ക് ഭൂമിയുടെ അവകാശികളാകാം.

ഹെമില റോസ്

6 ബി

# എന്റെ കേരളം



എന്റെ കേരളം
എത്ര സുന്ദരം
നന്മയുള്ള മനുഷ്യരുള്ള കേരളം
വൃത്തിയുള്ള കേരളം
ഒരുമയുള്ള കേരളം
സുന്ദരിയാം കേരളം
അമ്മയായ കേരളം

പാർവ്വതി ബി.
5

# കൃഷിയെക്കുറിച്ച്



കൃഷി ഒരു നല്ല തൊഴിലാണ്. മണ്ണിൽ പണിയെടുക്കുകയെന്നുള്ളതാണ് മഹത്തായ തൊഴിൽ. മണ്ണിനെക്കുറിച്ച് നന്നായി അറിയുന്നവനാണ് ഒരു നല്ല കൃഷിക്കാരൻ. ഒരു കൃഷിക്കാരൻ എന്ന് പറയുമ്പോൾ കളപറിക്കുവാനും, നിലം ഉഴുതുമറിക്കാനും, നീർച്ചാലുകൾ വെട്ടുവാനും അറിഞ്ഞിരിക്കണം.

ഇതെല്ലാം കൃഷിയിറക്കുന്നതിനു മുൻപ് ചെയ്യേണ്ട പ്രാഥമിക കാര്യങ്ങളാണ്. ഒരു കൃഷ്ക്കാരൻ കൃഷിയുമായി ബന്ധപ്പെട്ട് എല്ലാം അറിഞ്ഞിരിക്കണം. മാത്രമല്ല വിള നശിപ്പിക്കുന്ന കീടങ്ങളെയും, പക്ഷികളെയും കുറിച്ച് അറിയണം. കാലവസ്ഥ യനുസരിച്ച് കൃഷി ചെയ്യേണ്ടതിന്റെ പ്രധാന്യവും അറിഞ്ഞിരിക്കണം.

സിൻഡ്രല്ല
5

# ഓർമ്മ










# ലിറ്റിൽ കൈറ്റ്സ് 2019-20







# എന്റെ വിദ്യാലയം

എൻ മലർവാടിയിലൊരു പൂവിൻ
ഇതളായി വരും വസന്തത്തിൽ
വിരിയുവാൻ കഴിഞ്ഞെങ്കിൽ...
പൂത്ത മന്ദാരത്തിൻ തളിരിലയിൽ
ഒരു ഹിമബിന്ദുവായ് വരും ശിശിരത്തിൽ
തളിർക്കുവാൻ കഴിഞ്ഞെങ്കിൽ...
ഈ കൊടും വേനലിൽ
വർഷമായ് നനയ്ക്കുവാൻകഴിഞ്ഞെങ്കിൽ
മറയാത്ത ബിന്ദുവിൻ
ഓർമ്മതൻ ചാരത്ത്
തേങ്ങുന്ന രു കനവായ്
കാത്തിരിക്കുന്നു, ഇനിയൊരു
പുതു സ്കൂൾ ജീവിതത്തിനായ്
മായാതെ മറയാതെ മാനത്തുകിട്ടിയ
ഈ തേൻകുടം അമൃതായ്
കരുതി സ്നേഹിച്ചു ലാളിച്ചിതാരും
തേൽക്കില്ല തളിരില്ല ജീവിതപാതയിൽ
നാമറിയുകെ ഈ അറിവെന്ന തേൻകുടം
അത് പകർന്ന ദേവതകൾ
ആ പുണ്യ ഭൂമി
ഓർക്കുക മറന്നിടില്ലരും
ജീവൻ ഉള്ളിടത്തോളം
മധുരമീ സ്കൂൾ ജീവിതം
ഈ ദേവലയ പടിവാതിൽ തുകൊഞ്ചിക്കൊഞ്ചികടക്കവെ
വാരിയെടുത്തുമ്മവെച്ചു ദേവതകൾ
ചെല്ലിത്തന്ന കീർത്തനങ്ങൾ പാടിഞാൻ
പ്രതിഫലം ആഗ്രഹിക്കാത്ത ദേവതകളെ
എന്റെ മനസ്സാകുന്ന മലർ ആ പാദങ്ങളിൽ
സമർപ്പണം ചെയ്യുന്നു.

ആർദ്ര എസ്.
10 ബി

# ഒരു അണ്ണാറക്കണ്ണന്റെ കഥ



ഒരു ദിവസം ഒരു പെൺകുട്ടി സ്കൂളിൽ നിന്നും വീട്ടിലേക്ക് വന്നപ്പോൾ അവളുടെ അമ്മ പുറത്തുനിന്ന് അയൽപക്കത്തെ വീട്ടകാരുമായി സംസാരിക്കുകയായിരുന്നു. അവൾ വീട്ടിനകത്തേക്ക് കയറി ബാഗ് വച്ചപ്പോൾ അമ്മ പുറത്തുനിന്നു വിളിക്കുന്നതു കേട്ടു. അവൾ ഓടി ചെന്നപ്പോൾ അയൽപക്കത്തെ ചേച്ചിയുടെ കൈയ്യിൽ ഒരു അണ്ണാൻ കുഞ്ഞിനെ കണ്ടു. ആ ചേച്ചി പൂച്ച കടിച്ചുകൊണ്ടുപോയ അണ്ണാൻ കുഞ്ഞിനെ രക്ഷിച്ചുകൊണ്ടുവന്നതായിരുന്നു. ആ കുട്ടിക്ക് അണ്ണാൻ കുഞ്ഞിനെ കണ്ടപ്പോൾ അതിനെ വേണമെന്ന് ഒരു മോഹം തോന്നി. അപ്പോൾ തന്നെ അവൾ ആ ചേച്ചിയോട് എനിക്ക് തരുമോ എന്ന് ചോദിച്ചു. ഉടനെതന്നെ ചേച്ചി അവൾക്ക് അണ്ണാൻ കുഞ്ഞിനെ കൊടുത്തു. അവൾ ആ അണ്ണാൻ കുഞ്ഞിനെ കൈയ്യിൽ വച്ച് ലാളിച്ചു. അവളുടെ ചേട്ടേനും അച്ഛനും അണ്ണാൻ കുഞ്ഞിനെകണ്ടപ്പോൾ വളരെയധികം സന്തോഷം തോന്നി. ആ കുട്ടിയുടെ വീടിനടത്തുള്ള ചേട്ടൻ ഒരു തത്തകൂട് കൊണ്ടുവന്നു കൊടുത്തു. അവർ ആ അണ്ണാൻ കുഞ്ഞിനെ കൂട്ടിനുള്ളിലാക്കി കൂട് കുറച്ച് വലുതായിരുന്നതിനാൽ ആ ദ്വാരത്തിൽ കൂടി പുറത്തിറങ്ങി വന്നു. അപ്പോൾ ആ കുട്ടിയുടെ അച്ഛൻ ഒരു ചെരുപ്പിന്റെ ബോക്സിൽ കിടത്തി. അതിന് ശ്വാസം കിട്ടുന്നതിനായി അവളുടെ അച്ഛൻ കുറച്ചു ദ്വാരം ഇടുകയും പിന്നെ തണുക്കാരിക്കവവാൻ കുറച്ചു തുണി വിരിച്ചുക്കൊടുക്കുകയും ചെയ്തു. പിന്നെ അവർ അതിന് മോട്ടു എന്ന് പേരിട്ടു. അവർ എവിടെ യാത്ര ചെയ്താലും മോട്ടുവും കൂടെ ഉണ്ടാകുമായിരുന്നു.

അത് വളരെ കുഞ്ഞായതിനാൽ ആ കുട്ടിയുടെ അമ്മ മോട്ടുവിന് പാൽ ഫില്ലറിലായിരുന്നു കൊടുത്തിരുന്നത്. അവനെ എല്ലാവർക്കും ഇഷ്ടമായിരുന്നു. എന്നാൽ അവളുടെ അമ്മയുടെ ദേഹത്തു കയറുന്നത് വളരെ പേടിയായിരുന്നു. പിന്നെ അതു

വലുതായി തുടങ്ങി അപ്പോൾ ആ ബോക്സിൽ അതിന് ഓടിക്കളിക്കുവാൻ സാധിക്കില്ലന്ന് മനസ്സിലായ അവർ ഒരു സൗകര്യമുള്ള കൂട് വാങ്ങിക്കൊടുത്തു. പിന്നെ അതിലേക്ക് മാറ്റി. ആദ്യം വലിയ കൂട് കണ്ടപ്പോൾ അതിന് ഭയമുണ്ടായിരുന്നെങ്കിലും പിന്നെ പതുക്കെ പതുക്കെ അതെല്ലാം മാറിതുടങ്ങി. അതോടോപ്പം മോട്ടു അവരുമായി ഇണങ്ങിച്ചേർന്നു.

മോട്ടുവിന് ഭക്ഷണമായി ബിസ്ക്കറ്റ്, പാൽ, കപ്പലണ്ടി, ബദാം, ഐസ്ക്രീം എന്നിവ അവളുടെ അച്ഛൻ വാങ്ങിക്കൊടുക്കുമായിരുന്നു. എല്ലാം അവൻ സന്തോഷത്തോടെ കഴിക്കുമായിരുന്നു. അവളുടെ സ്കൂളിലെ കൂട്ടുകാരികൾ ചില ദിവസങ്ങളിൽ മിഠായി മോട്ടുവിന് കൊടുക്കുവാൻ കൊടുത്തു വിടുമായിരുന്നു. അവളുടെ കൂട്ടുകാർക്കൊക്കൊ മോടടുവിനെ കണ്ടിട്ടില്ലയിരുന്നെങ്കിലും അവൾ പറഞ്ഞറിയായിരുന്നു. ചില കൂട്ടുകാരികൾ അവനെ കണ്ടിട്ടുമുണ്ട്. അവൾ എല്ലാ ദിവസവും സ്കൂളിൽ നിന്ന് വന്നുകഴിഞ്ഞ് അതിനെ കൂട്ടിൽ നിന്ന് തുറന്നു വിടമായിരുന്നു. എന്നിട്ട് അവർ കളിക്കുമായിരുന്നു. അങ്ങനെ അവർ ആ വീട്ടിലെ ഒരു അംഗമായിത്തീർന്നു. ഓഗസ്റ്റ് 12–ാം തിയതിയാണ് അവർക്ക് അവനെ കിട്ടിയത്. അങഅങ്ങനെ ഒരു വർഷം കടന്നുപോയി ഒരു വർഷം അവന് അവരുമൊത്ത് സന്തോഷത്തോടെ ജീവിക്കുവാൻ കഴിഞ്ഞു. സെപ്റ്റബർ 28ന് അങ്ങനെ ഒരു ദുരന്തം സംഭവിച്ചു. അന്നത്തെ ദിവസം അവർ എല്ലാവരും ഴളരെ വിഷമത്തിലായതിനാൽ അവനെ കൂട്ടിൽ നിന്ന് പുറത്തു വിട്ടപ്പോൾ വലിയ ശ്രദ്ധയുണ്ടായിരുന്നില്ല. എങ്ങനെയാണെന്നറിയില്ല അവൻ വീടിനു പുറത്തേയ്ക്ക് പോയി. കുറച്ച് കഴിഞ്ഞ് അവളുടെ അച്ഛൻ മോട്ടുവിനെ നോക്കിയപ്പോൾ കാണുന്നില്ലായിരുന്നു. അവളും അച്ഛനും കൂടി വീടിനകത്തും പുറത്തും നോക്കിയിട്ട് കാണാനില്ലായിരുന്നു. പിന്നെ അമ്മ മുകളിലത്തെ മുറിയിലാതിനാൽ അവർ അവിടെയും കണ്ടില്ലന്ന് പറഞ്ഞ് അവരുടെ ഒപ്പം നോക്കുവാൻ അവിടെയും നോക്കുവാൻ ചെന്നു. അവർ മൂന്നുപോരും പുറത്തുള്ള സ്റ്റെപ്പിലൂടെ ഇറങ്ങിവന്നപ്പോൾ മോട്ടു ഗെയ്റ്റിനു വെളിയിൽ ചത്തു മലർന്നു കിടക്കുന്നതാണ് കണ്ടത്. മൂവരും ഒടിചെന്നു അച്ഛൻ അവനെ വാരിയെടുത്തു. എങ്ങനെയാണെന്ന് അറിയില്ല അവൻ ചത്തു കഴിഞ്ഞിരുന്നു. അവനെ അവരുടെ വീട്ടിലെ ഒരു അംഗത്തെപ്പോലെ കണ്ടിരുന്നതിനാൽ അവന്റെ വേർപാടിൽ എല്ലാവരും കരഞ്ഞു. കുറച്ച് ദിവസത്തേയ്ക്ക് എല്ലാവർക്കും വളരെയധികം വിഷമമായിരുന്നു. പിന്നെ ഓർമ്മകുറഞ്ഞു തുടങ്ങി. എന്നാലും ഇപ്പോഴും മോട്ടു എല്ലാവരുടെയും മനസ്സിൽ ഉണ്ട്

ഏയ്ഞ്ചൽ മേരി ഇ.ജെ

9 ബി

## ഗണിതം




ഗണിത ശാസ്ത്രത്തിന്റെ ചതുരക്കളത്തിൽ ഒരു ക്ലാസ്സ്
വൃത്തത്തിൽ കറങ്ങുന്ന പങ്കയ്ക്കു കീഴെ
ചോദ്യ ചിഹ്നങ്ങൾ ഗോളമായ്
രൂപാന്തരപ്പെടും പോലെ കുഞ്ഞുതലകൾ
ചാപംപോൽ വളയുന്ന
പുരികക്കൊടികളിലെ ആശങ്കകൾ

കണ്ണുരുട്ടിന്റെ വർത്തുളചലനത്തിനാൽ
ഉരുക്കി ഗണിതാദ്ധ്യാപകൻ
മട്ടത്ത്യകോണം വരയ്ക്കുന്ന മൂക്കിന്റെ
തുഞ്ചത്തെ ബിന്ദുവിൽ കോപമുണ്ടുപോൽ
ഹരിക്കുവാൻ പോന്ന താപമുണ്ടാകും
ഗുണനം തെറ്റിച്ച് മുന്നേറിയാൽ...
ചൂരൽ തീർക്കുന്ന നേർരേഖയേക്കാൾ
വട്ടം നീറ്റുന്ന നുള്ളാണസഹ്യം!
തലയാട്ടണം നേർരേഖയിൽ
ആദ്യം കുറുകെ, പിന്നെ നേരെ...
സങ്കലനത്തിന്റെ ചിഹ്നംപോലെ ഇടയ്ക്കിടെ...

**അഭിലാഷ് കെ.എ.**
**അദ്ധ്യാപകൻ (ഗണിതശാസ്ത്രം)**

# അഭിനയക്കളരി



ഉച്ചയ്ക്ക് ലഞ്ച് ബ്രേക്കിനു മുമ്പുള്ള പിരീഡാണ് ക്ലാസ്സിൽ ഒരു ടീച്ചർ വന്ന് അഭിനയിക്കാൻ താൽപര്യമുള്ളവർ ഉണ്ടോ എന്ന് അന്വേഷിച്ചത്. സിനിമയിലേക്കാണോ? എന്റെ മനസ്സ് തുള്ളാൻ തുടങ്ങി. അടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിലെ എന്റെ കൂട്ടുകാരൻ സിനിമയിൽ അഭിനയിച്ചത് അവന്റെ സ്കൂള്ൽ ഷൂട്ടിങ്ങ് നടന്നപ്പോഴാണ്. ആലോചിച്ചു നിൽക്കാതെ ഞാനും കൈ പൊക്കി. ചിലർ പരിഹാസത്താൽ എന്നെ നോക്കി. കഴിഞ്ഞ ദിവസം അസംബ്ലിയിൽ വാർത്തവായിക്കാൻ പറഞ്ഞപ്പോൾ രണ്ടു ദിവസം പനിപിടിച്ചു കിടന്നവനാണ്.

ഭക്ഷണം കഴിച്ച ശേഷം ലൈബ്രറിയിലേക്ക് ചെല്ലാൻ ടീച്ചർ പറഞ്ഞു വേഗം ഭക്ഷണം കഴിച്ച് ഞാൻ ലൈബ്രറിയ്ക്ക് മുന്നിലേക്കോടി. കുറേ കുട്ടികൾ ഉണ്ട്. ടീച്ചർ വന്നതേയുള്ളു.

സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു പൂച്ചക്കുട്ടി വണ്ടി തട്ടിക്കിടക്കുന്നതും അതിനെ എടുത്ത് വീട്ടിലേക്ക് കൊണ്ടു പോകുന്നതും അതുകണ്ട് അമ്മ വഴക്കു പറയുമ്പോൾ കരയുന്നതും അഭിനയിച്ചുകാണിക്കാനാണ് ടീച്ചർ പറഞ്ഞത്.

ചിലർക്ക് അഭിനയിക്കാൻ തുടങ്ങും മുമ്പേ ചിരിവന്നു. ചിലർ പേടിച്ചു പേടിച്ചാണ് അഭിനയിച്ചത്. ഞാനും അങ്ങനെ തന്നെ. എല്ലാവരുടേയും മുമ്പിൽ ആദ്യമായിട്ടാണ് എന്തെങ്കിലും ചെയ്യുന്നത്.

''ആരും തീരെ പോരല്ലോ'' എന്ന് ടീച്ചർ മറ്റൊരു ടീച്ചറോട് പറയുന്നതു കേട്ടു. നിങ്ങൽ അഭിനയിക്കുമ്പോൾ അതിൽ ഇൻവോൾവ് ചെയ്യണം. ടീച്ചർ നിരാശയോടെ ആവർത്തിച്ചു. ''ഒരവസരം കൂടിത്തരാമോ?'' എന്ന് ഞാൻ ടീച്ചറോട് ചോദിച്ചു. മനസ്സില്ലാ മനസ്സോടെ ടീച്ചർ സമ്മതിച്ചു. എന്റെ കൂട്ടുകാരന്റെ കയ്യിലിരുന്ന പൂച്ചയുടെ മുഖമുള്ള പെൻസിൽ ബോക്സ് ഞാനെടുത്തു കൊണ്ടുവന്നു.

ടീച്ചർ പറഞ്ഞതുപോലെ ഇൻവോൾവ് ചെയ്ത് അഭിനയിക്കണം. ഞാൻ പെൻസിൽ ബോക്സിനെ പൂച്ചക്കുട്ടിയായി സങ്കൽപ്പിച്ചു. വഴിയിൽ പൂച്ചക്കുട്ടി! അമ്മയുടെ അടുത്തെത്താതെ അത് എത്ര വിഷമിക്കുന്നുണ്ടാകും. അതിന് വിശക്കുന്നുണ്ടാവില്ലേ? ഭക്ഷണം കഴിച്ചിട്ട് എത്ര ദിവസമായിക്കാണും. ഓർത്തപ്പോൾ എനിക്ക് വല്ലാത്ത സങ്കടം തോന്നി. ഞാൻ പെൻസിൽ ബോക്സിനെ പൂച്ചക്കുട്ടിയായി സങ്കൽപ്പിച്ച് അഭിനയിച്ചു.

അഭിനയം തീർന്നപ്പോൾ ടീച്ചർ വന്ന് എന്നെ കെട്ടിപ്പിടിച്ചു. മിടുക്കൻ! എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ആദ്യമായിട്ടാണ് ഇങ്ങനൊരഭിനന്ദനം!

''നിന്നെ സിനിമയിലെടുത്തോടാ?'' കൂട്ടുകാരുടെ കളിയാക്കലിന് ഞാൻ മറുപടി പറഞ്ഞില്ല. സിനിമയിലേക്കല്ല നാടകക്കളരിയിലേക്കുള്ള തിരഞ്ഞെടുപ്പായിരുന്നെന്ന് ഞാൻ മാത്രം അറിഞ്ഞാൽ മതിയല്ലോ?

# ലഹരിയിൽ മയങ്ങുന്ന യുവതലമുറ

മുന്നൂറു കിലോ ഗ്രാം കഞ്ചാവ് പിടിച്ചെടുത്ത പത്രവാർത്ത ഞെട്ടലോടെയാണ് രാവിലെ കാപ്പിക്കൊപ്പം വിഴുങ്ങിയത്. അത്രയും കഞ്ചാവ് ഇവിടെ ഉപയോഗിക്കപ്പെടുന്നു എന്നതാണ് ഏറ്റവും ഭയപ്പെടുത്തുന്നതെന്ന് ഞാൻ പറഞ്ഞപ്പോൾ ഭർത്താവിന്റെ നോട്ടത്തിൽ പരിഹാസത്തിന്റെ മുള്ളുണ്ടായിരുന്നു. ഞാനുൾപ്പെടുന്ന അദ്ധ്യപക സമൂഹത്തിന്റെ ചുമലിൽ ഇത്തരം കാര്യങ്ങളുടെ ഉത്തരവാദിത്വം വെച്ചു കെട്ടാനാണ് പലരും ശ്രമിക്കുന്നതെന്ന് ഞാനും മറുപടി നൽകി.

എങ്കിലും ഈ ചിന്ത എന്നെ അലട്ടാതിരുന്നില്ല. പാഠപുസ്തകത്തിലെ വാക്കുകൾക്കപ്പുറത്ത് പുതിയ തലമുറയ്ക്ക് ചില നന്മകൾകൂടി പകർന്നു കൊടുക്കാനായില്ലെങ്കിൽ പിന്നെ എന്തിന് ഞാനീവേഷം കെട്ടണം. ബോധവൽക്കരണ ക്ലാസ്സുകൾക്ക് പഞ്ഞമില്ല. ചിത്രങ്ങൾ സഹിതം കാണിച്ച് പുകയില ഉൽപന്നങ്ങളുടെ ദ്യൂഷ്യഫലങ്ങളെക്കുറിച്ച് എത്ര തവണ ക്ലാസ്സെടുത്തിരിക്കുന്നു. കുട്ടികൾക്കൊപ്പം അതെത്ര കേട്ടിരിക്കുന്നു. ഇവയെക്കുറിച്ച് അറിയാഞ്ഞിട്ടല്ല. പുതിയ തലമുറയ്ക്ക് കാലിടറുന്നത് എവിടെയാണ്? ബാല്യത്തിൽ നിന്ന് കൗമാരത്തിലേയ്ക്കുള്ള രൂപാന്തരപ്പെടലിൽ അവർ അനുഭവിക്കുന്ന സംഘർഷങ്ങളാകാം ഇത്തരം ലഹരികളിൽ അഭയം തേടാൻ അവരെ പ്രേരിപ്പിക്കുന്നത്. സുഹൃത്തുക്കളുടെ ഉപദേശം കൂടിയാവുമ്പോൾ അത് പൂർണ്ണമാകും. അവർക്ക് അദ്ധ്യാപകരേക്കാളും, മാതാപിതാക്കളെക്കാളും പ്രിയം കൂട്ടുകാരോടാണ്.



ചലച്ചിത്രങ്ങളുടെ സ്വാധീനവും ചെറുതല്ല. ഒരുകാലത്ത് മയക്കുമരുന്നിന്റേയും മദ്യത്തിന്റെയും കുത്തക സിനിമയിലെ വില്ലന്മാർക്ക് ആയിരുന്നെങ്കിൽ ഇന്നത് നായകന്മാർ തന്റെ ആണത്തത്തിന്റെ പ്രതീകമായി കിരീടത്തിൽ ചൂടുന്ന പൊൻതൂവലാണ്.

കുട്ടികളുടെ പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും മനസ്സിലാക്കി അദ്ധ്യാപകരും മാതാപിതാക്കളും അവരെ ഒരു പോലെ നയിച്ചാൽ മാത്രമേ പുതിയ തലമുറയെ ഇതിൽ നിന്ന് രക്ഷിക്കാനാവൂ. വിദ്യാലയ പരിസരങ്ങളിലെ മയക്കുമരുന്നിന്റെ ലഭ്യത തടയേണ്ടതും അതിനായി കർശന നടപടികൾ സ്വീകരിക്കേണ്ടതും നിയമവും നിയമപാലകരുമൊക്കെയാണ്. എല്ലാവരുടെയും ഒറ്റക്കെട്ടായ പരിശ്രമത്തിലൂടെ 'ഉണർന്നിരിക്കുമ്പോൾ ഭാവിയെപ്പറ്റി നല്ല സ്വപ്നങ്ങൾ കാണുന്ന' യുവതലമുറയെ വാർത്തെടുക്കാൻ തീർച്ചയായും നമുക്ക് സാധിക്കും.

രമണി പി. കെ.
അദ്ധ്യാപിക (സാമൂഹ്യശാസ്ത്രം)

# ചക്കപ്പുഴുക്ക്



ഒമ്പതാം ക്ലാസ്സിലെ മലയാള പാഠപുസ്തകത്തിൽ 'തേൻവരിക്ക' എന്ന പാഠം പഠിപ്പിച്ചു കൊണ്ടിരുന്നപ്പോഴാണ് ചക്കയുടെ വിവിധ വിഭാഗങ്ങളെപ്പറ്റിയും ചക്കവിഭവങ്ങളെപ്പറ്റിയും ക്ലാസിൽ ചർച്ച വന്നത്.

പേരിന്റെ കൂടെ ചക്ക എന്നു ചേർന്നുവരുന്നതെല്ലാം ഞങ്ങൾ ചക്കയുടെ വിഭാഗങ്ങളായി എണ്ണി. ആത്തച്ചക്ക, ആഞ്ഞിലിച്ചക്ക, കൈതച്ചക്ക, കടച്ചക്ക, അങ്ങനെ ചക്കകൾ ധാരാളമുണ്ടല്ലോ? എന്നാൽ ടീച്ചറുദ്ദേശിച്ച ചക്ക അതൊന്നുമായിരുന്നില്ല. പഴച്ചക്ക, തേങ്ങാച്ചക്ക, വരിക്കച്ചക്ക, തേൻവരിക്ക... പഴച്ചക്ക എന്നുപറയുന്നത് എനിക്കറിയാം. മൃദുവായി കുഴഞ്ഞ ചക്കച്ചുളകളുള്ള പഴച്ചക്ക. അമ്മ ചക്കവരട്ടിയുണ്ടാക്കാൻ വല്യമ്മയുടെ വീട്ടിൽ നിന്ന് കൊണ്ടുവരുന്നത് ഞാൻ കണ്ടിട്ടുണ്ട്. ശർക്കരയും നെയ്യും ചേർത്ത് വരട്ടിയ ചക്കയിൽ തേങ്ങാപ്പാൽ കൂടിച്ചേർത്താൽ ചക്ക പ്രഥമനാകും. മേമ്പൊടിക്ക് അണ്ടിപ്പരിപ്പും ഉണക്കമുന്തിരിയും നെയ്യിൽ വറുത്തിടാം. അല്ലെങ്കിൽ ചക്ക വരട്ടിയതു കൊണ്ട് ചക്കയടയുണ്ടാക്കാം. വഴനയിലയിൽ ആവിയിൽ പുഴുങ്ങിയെടുക്കുന്ന ചക്കയട പക്ഷേ എനിക്കത്ര ഇഷ്ടമല്ല. ചക്കച്ചിന്ത കയറിത്തുടങ്ങിയപ്പോൾ ടീച്ചറുടെ അടുത്ത ചോദ്യം.
ചക്കപ്പുഴുക്ക് കഴിച്ചിട്ടുണ്ടോ?
പുഴുക്ക് എന്ന വാക്ക് ഞങ്ങൾക്കത്ര പിടിച്ചില്ല. അപ്പോൾ ടീച്ചർ പുഴുക്കുണ്ടാക്കുന്നത് വിവരിക്കാൻ തുടങ്ങി. പച്ചച്ചക്ക ചെറുതായരിഞ്ഞ് മഞ്ഞളും ഉപ്പും ചേർത്ത് വേവിച്ച് പകുതി പാകമാകുമ്പോൾ വിളഞ്ഞ നാളികേരം ചിരകിയതും ജീരകവും ഉള്ളിയും പച്ചമുളകും ചതച്ച് അതിലേക്ക് ചേർക്കണം. നല്ലവണ്ണം വെന്തുടഞ്ഞ ചക്കപ്പുഴുക്കിന് മുകളിൽ കടുകും വേപ്പിലയും വെളിച്ചെണ്ണയിൽ താളിച്ചൊഴിക്കണം. ആ മണം വരുമ്പോൾ വായിൽ കപ്പലോടിക്കാനുള്ള വെള്ളം വരും. ചൂടുകഞ്ഞിക്കൊപ്പം ചക്കപ്പുഴുക്കും ചുട്ടപപ്പടവും ചേർത്തുകഴിക്കണം! അപ്പോൾ ഞങ്ങളുടെ വായിലാണ് കപ്പലോടിയത്.

രാത്രിയിൽ പഠിക്കാൻ അവസാനമെടുത്തത് മലയാള പാഠപുസ്തകം. തേൻവരിക്ക എന്ന പാഠഭാഗം ഞാൻ വീണ്ടും വായിച്ചു. ചക്കപ്പുഴുക്കിന്റെ മണം മൂക്കിലേക്കു വന്നു. അപ്പോഴാണ് അമ്മ അത്താഴം കഴിക്കാൻ വിളിച്ചത്.
"എന്താ കറി?"
"ചപ്പാത്തിയും മുട്ടറോസ്റ്റസ്റ്റും" അമ്മ പറഞ്ഞു
"എനിക്ക് വേണ്ട!" ഞാൻ മുഖം കൂർപ്പിച്ചു.
"പിന്നെ എന്തുവേണമാവോ?" അമ്മയുടെ പരിഹാസം.
"ചക്കപ്പുഴുക്കും കഞ്ഞീം" ചക്കപ്പുഴുക്കോ?
എന്റെ പ്രിയപ്പെട്ട വിഭവമായ 'ചിക്കൻ' ചക്കയായി പരിണമിച്ചതെങ്ങനെയെന്ന് അമ്പരന്ന് അമ്മ മൂക്കത്ത് വിരൽ വെച്ചു.

ഗൗരി പാർവ്വതി കെ. പി.
9 ബി

# ഓർമ്മകളുടെ പൂക്കാലം



തുലാവർഷം അവസാനിച്ചിട്ടില്ല. അമ്പലത്തിൽ നിന്നിറങ്ങി; കുടനിവർത്തി പതുക്കെ നടന്നു. ചെറുതായി മഴ പെയ്യുന്നു. റോഡിനിരുവശത്തും പൂമരങ്ങൾ പൂത്തുനിൽക്കുന്നു. ഹോ, എന്തൊരു ഭംഗി! ഞാനാസ്വദിച്ചു നടന്നു. ഏയ്.... പുറകിൽ നിന്നൊരു ചോദ്യം, 'ഹോസ്റ്റലിലേക്കാണോ?' ഞാൻ തിരിഞ്ഞുനോക്കി, മഴനനഞ്ഞ് ഓടിവരുന്ന സാരി യുടുത്ത ചേച്ചി – അതേ എന്നുഞാൻ മറുപടി പറഞ്ഞു. രണ്ടുപേരും ഒരേകുടയിൽ ഹോസ്റ്റ ലിലേക്ക് നടന്നു. അപ്പോഴാണ് ഞാനറിഞ്ഞത് എന്റെ സീനിയറാണെന്ന്, ഒരു പാവം വായാടി. കോളേജും ക്യാംപസും ചുറ്റുപാടുകളും കാണിച്ചുതന്നതും ലൈബ്രറിയിൽ കൊണ്ടെത്തിച്ചതും ചേച്ചിയായിരുന്നു. അലമാരയിൽ തിങ്ങിനിറഞ്ഞ പുസ്തകങ്ങൾ, മേശപ്പുറത്ത് മൂന്നോ നാലോ ദിനപ്പത്രങ്ങൾ, ഇരുവശവും ഭംഗിയിൽ മാഗസിനുകൾ വച്ചിരിക്കുന്നു. വളരെ നിശബ്ദത നിറഞ്ഞ ആ ലൈബ്രറിയിലെ ഒരു നിത്യ സന്ദർശകനായി ഞാൻ മാറി.

ഓരോകഥകളും പുതുമകളായിരുന്നു. അവിടെവെച്ചാണ് ഞാൻ ഹരിയെ പരിചയപ്പെട്ടത്. കഥകളും കവിതകളും ഞങ്ങൾ കൈമാറി. എന്തിനെയും വിമർശിക്കുന്ന പ്രകൃതക്കാരനായതുകൊണ്ട് ഞാനവനെ ശ്രദ്ധിച്ചു. ഓരോ പുസ്തകങ്ങളും വെറുതെ വായിച്ചു തള്ളിക്കളയാനുള്ളതല്ലെന്നും, അതിൽ തന്റേതായ അഭിപ്രായങ്ങളും ആശ യങ്ങളും പ്രകടിപ്പിക്കുന്നതുകൊണ്ടാവാം ഞാൻ അവനെ ശ്രദ്ധിച്ചത്. ഞങ്ങൾ വലിയ കൂട്ടായി. ദിവസങ്ങൾ പിന്നിട്ടു. ചേച്ചിയെ കാണാനാരോ വന്നു. അടക്കിപ്പിടിച്ചുള്ള സംസാരവും ധൃതിപ്പെട്ട് റൂമിലേക്കുള്ള ഓട്ടവും ഞാൻ ശ്രദ്ധിക്കാതിരുന്നില്ല. ഹരിപറഞ്ഞാണ് ഞാനറിഞ്ഞത് ചേച്ചി വിവാഹിതയാണെന്ന്. പച്ചക്കറിക്കടയിൽ ജോലിചെയ്യുന്ന രണ്ട് അനിയൻമാർ. ആടിനെയും, കോഴികളെയും വളർത്തി വീടു നോക്കിക്കഴിയുന്ന പാവം ഉമ്മ, തന്റെ പിടിവാശിയിൽ ഒരു അന്യജാതിക്കാരന്റെ കൂടെ ഇറങ്ങിപ്പോന്നതിൽ മനംനൊന്ത് മരിച്ച ബാപ്പ. ഇത്രയും ധൈര്യമുണ്ടായിരുന്നോ ചേച്ചിക്ക്? ഞാനതിശയിച്ചു. പക്ഷേ അന്നുവന്നത് ആരാണെന്നോ? എന്തിനാണെന്നോ ഞാനിതുവരെ ചേച്ചിയോട് ചോദിച്ചില്ല. ക്ലാസിൽ പോകാനൊരുങ്ങുമ്പോൾ ജനാലക്കരികിൽ തൂക്കിയിട്ട കണ്ണാടിയിൽ നോക്കി മുടി കെട്ടിവയ്ക്കും, പൊട്ടുകുത്തും. അതിനിടയിൽ പുറത്തേയ്ക്ക് നോക്കും. നീണ്ടതാടിയും, തലയിൽ വലിയകെട്ടും,

വെള്ളമുണ്ടും കയറ്റിയുടുത്ത് പച്ചബെൽറ്റിട്ട, കയ്യിൽ വടിയുമായി ഒരുപറ്റം ആട്ടിൻകുട്ടികളെ മേയ്ക്കുന്ന മൂസാക്ക പോകുന്നത് എന്റെ പതിവ് കാഴ്ചയായിരുന്നു.

ചേച്ചിയുമൊന്നിച്ച് കോളേജിൽ പോകുമ്പോൾ കുട്ടിക്കാലത്തെ വിശേഷങ്ങൾ പറഞ്ഞുതരുമായിരുന്നു. അതുകേൾക്കാനായിരുന്നു എനിക്കിഷ്ടം. രാമേട്ടന്റെ ചായക്കടയും, കുമാരേട്ടന്റെ തുന്നൽക്കടയും കഴിഞ്ഞുവേണം ക്യാംപസിലെത്താൻ. സ്ഥിരം കാണുന്ന മുഖങ്ങൾ. റോഡരികിൽ ആരും ശ്രദ്ധിക്കാതെ, ആർക്കോ വേണ്ടി വിരിയുന്ന പൂക്കൾ, അങ്ങിനെ.. അങ്ങിനെ... പലതും...

മാസങ്ങൾ കടന്നുപോയി... കോളേജിലെ പ്രധാന ദിവസങ്ങളും, ആഘോഷങ്ങളും വളരെ സന്തോഷത്തോടെ ആസ്വദിച്ചു. MPhil കഴിഞ്ഞ് ചേച്ചിക്ക് തിരിച്ചുപോവാൻ ദിവസങ്ങൾ മാത്രം ബാക്കി. എനിക്ക് ഓർക്കാനേ വയ്യ. കളിയും, ചിരിയും നല്ല ദിവസങ്ങളും അവസാനിക്കാറായി. 11 മണിയ്ക്ക് വീട്ടിൽ നിന്നും ആളുവരും. ഞാൻ തിരിച്ചുപോവും. ഇനി എന്നുകാണും? എന്തുപറയണമെന്നറിയാതെ ഞാനാകെ വിഷമിച്ചു. ഇന്നലെ ഹരിയും പോയി. അവനൊരധ്യാപകനാവണമെന്നാണ് പറഞ്ഞത്. ആയിത്തീരും. മിടുക്കനാ!

അന്ന് ഞാൻ വേഗം തന്നെ കോളേജിൽ പോയി. ചേച്ചി പോണത് കാണാൻ വയ്യ. വഴിയിൽ വെച്ച് ആട്ടിൻകൂട്ടം വരുന്നത് കണ്ടു. പക്ഷേ, പുറകിൽ മൂസാക്കയല്ല. ഒരു പയ്യനാ. ഞാൻ ചോദിച്ചു. മൂസാക്ക എവിടെ? ബാപ്പ കിടപ്പിലാ... ഒരുവശം തളർന്ന മൂസാക്കയെ ഒരുദിവസം കാണണം, മനസ്സിലോർത്തു.

ഇന്റർവെൽ സമയത്ത് ജനാലയ്ക്കരികിലേക്ക് ഞാൻ ഓടിച്ചെന്നു. ഇരുവശത്തും പൂത്തുനിൽക്കുന്ന പൂമരങ്ങളുടെ ഇടയിലൂടെ നീണ്ടുപോകുന്ന റോഡിൽ വെളുത്തകാർ വളരെ വേഗതയോടെ ചീറിപ്പാഞ്ഞു. പിന്നിലെ സീറ്റിൽ നിന്ന് കൈവീശിക്കാണിക്കുന്ന ചേച്ചി. ഞാനും കൈവീശിക്കാണിച്ചു. കണ്ടോന്നറിയില്ല. അപ്പോഴും മഴ ചന്നംപിന്നം പെയ്തുകൊണ്ടിരുന്നു. ആ നല്ല ദിവസങ്ങൾ പെട്ടന്നവസാനിച്ചതുപോലെ തോന്നി. എല്ലാം ഒരിക്കൽ കൂടി തിരിച്ചുവരുമോ? വന്നെങ്കിൽ........

ബബിത അദ്ധ്യാപിക
(ഹിന്ദി)

# വായന മരിച്ചു...



വായന മരിച്ചിരിക്കുന്നു. ഇന്നത്തെ കാലത്ത് വായന എന്ന് പറയുമ്പോൾ തന്നെ തെല്ലും കുട്ടികൾ വിലകൽപ്പിക്കുന്നില്ല. മൊബൈൽ ഫോണുകളും അതുപോലെ മറ്റ് ഉപകരണങ്ങളും ഇന്നത്തെ തലമുറയിലെ കുട്ടികളെ സ്വാധീനിച്ചിരിക്കുന്നു. വായനയിലൂടെ നമുക്ക് എന്തെല്ലാം അറിവുകളാണ് ലഭിക്കുന്നതെന്ന് ഇപ്പോഴുള്ള കുട്ടികൾക്ക് തീരെ അറിയില്ല. വായനയിലൂടെ പകരുന്ന അറിവ് എന്താണെന്നും അതുകൊണ്ട് എന്തൊക്കെ പ്രയോജനമുണ്ടെന്ന കാര്യങ്ങളും നിലവിലെ തലമുറയ്ക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. മൊബൈൽ ഫോണുകളിലും അതുപോലുള്ള മറ്റ് ഉപകരണങ്ങളിലും എന്തൊക്കെയുണ്ടോ അതെല്ലാം നിലവിലുള്ള തലമുറയ്ക്ക് അറിയാമായിരിക്കും. അറിവിനെ വികസിപ്പിക്കാൻ പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നമുക്ക് സാധിക്കും. ഇപ്പോൾ നമ്മോട് ഒരാൾ വായന മരിച്ചോ എന്നു ചോദിച്ചാൽ നമുക്ക് പറയേണ്ടിവരും. 'അതെ' എന്ന ഉത്തരം. ഒരു പുസ്തകത്തിന്റെ പേരു ചോദിച്ചാൽ അതിലെ ഒരു വാചകം ചോദിച്ചാൽ പോലും ഈ പുതിയ കാലഘട്ടത്തിൽ പുതിയ തലമുറയിൽ ഉള്ള കുട്ടിയ്ക്ക് പറയുവാൻ വളരെ ബുദ്ധിമുട്ടായിരിക്കും. വായനയെക്കുറിച്ച് കുഞ്ഞുണ്ണിമാഷ് പറയുന്ന ഒരു വാചകം തന്നെ ''വായിച്ചു വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും,'' അങ്ങനെ വായിക്കാതെ വളർന്ന് വളഞ്ഞ് പോകുന്ന തലമുറയാണ് ഇപ്പോഴത്തെ കാലഘട്ടത്തിലെ കുട്ടികൾ. ഒരു പുസ്തകം എടുത്ത് വായിക്കാൻ പറഞ്ഞാൽ പോലും പലർക്കും വളരെയേറെ പ്രയാസമാണ്. എന്നാൽ ഒരു മൊബൈൽ ഉപയോഗിക്കാൻ നമുക്ക് വളരെയേറെ സന്തോഷമാണ്. മൊബൈൽ ഫോണിലെ ഓരോ കാര്യങ്ങളും നമുക്ക് മനഃപാഠമാണ്. ഇനിയെങ്കിലും സ്ഥിതിഗതികൾ മാറുമെന്ന വിശ്വാസത്തോടെ....

ജീവമരിയ
8 ബി

# Europea- Travelogue



*"Jobs fill your pockets, adventures fill your soul"*

I was lucky to make a European tour few years back and I felt it was an unforgettable experience in my life. I could cover 8 countries during that visit. Our trip started from Trivandrum International Airport and the duration of the trip was thirteen days. I reached Oman airport after four hours journey. I had to spend nearly three hours enjoying the scenes in the airport. Oman airport offered unlimited shopping experiences, if one had the passion for shopping.

My next destination was London city. Around 8 pm. I launched on Hethrew International Airport, one of the busiest in the world. I was taken to a four star hotel near the airport and I slept well, after the tedious travel. Two full days, I spent in London city. Once the colonial capital of the world London eye, London Bridge, Windsor Castle etc. were beautiful sights to watch. I had a cruise on River Thames and I could see the archaic buildings on both sides the river. Beautiful buildings of Buckingham Palace and the matchless beauty shown by the mounted police in front of the palace was unmatched beauty of eyes. Crossing the North Sea through a huge ship named Santa Maria, we reached Holland, the land of flowers on the next day. Mathurodam Park in Holland was an unforgettable sight to see. Parla itself is a meaneature model of the enligic Holland.

From Holland we moved to Belgium, the land of the great writer Charles De Coaster. The tour where the International Science fair conducted, was beautifully maintained there was memorable sight to walk.

I moved to France that evening. It was my greatest wish to be in Paris, the cultural capital of the world. Paris has a rare magic to attract people. The Louvre Museum, the inscrutable smile of 'Mona Lisa', and 35,000 other artistic treasuries were exquisite to watch. The 'Kohinoor Diamond' in the

museum made a nostalgia in me thinking how it was kept in the safe custody of India once. The cruise in Scina River and the sight that Eiffel Towers offered were unforgettable. Mounting on the Top of Eiffect Tower I could watch the entire Paris City.

My next destination was Germany, the land of Adolf Hitler. What I saw there was the Benz Museum, and the employees there described to us entire history of the legendary Car Benz. We travelled in a bus and without any hurdles we could move to Switzerland, the land of natural beauty. The sights offered by Switzerland couldn't be described in words and I consider it as the paradise on Earth. Tunneling through Alph I could explore the entire Switzerland. I also mounted on the top of Titlis mountain, where the temperature was minus 7 (-7), I still remember the magic beauty offered by natural sights of that land.

Italy, the next destination never disappointed me. The exquisite architure, the collossium, the leaning tower of Pisa etc. were a wonder full experience to me. The voyages on Venice was marvellous. Finally I reached Rome, the Holy Land and visited the famous St. Peters Church, from where I could get the blessing of pope Francis. The archaic buildings of Rome also reminded me of the great historic heroes of Shake sphere. Making some haste shopping, I moved to Malpalsa Airport in a bullet train. I reached the next day noon at my home, Nedumbassery Airport leaving behind me with lifelong memories.

SHAMMY MATHEW
HST English

# POLLUTION



*Pollution! Pollution! Pollution!*
*Everywhere there is pollution*
*Due to humans*
*Pollution! Pollution!*
*Smoke from factories*
*Pollutes the air*
*Noise from vehicles*
*Disturb the ear*
*Trees we cutting down*
*For use in town*
*Poll is increasing*
*Nature is decreasing*
*Is there a solution*
*To this pollution?*
*Go to the forest, go to the garden*
*Grow more trees, grow more plants*
*That is the solution*
*To this pollution !*

*Athul K S*
*9 B*

# MATHS QUIZ

1. Indian lady known as human computer.
2. Ramanujan number
3. Father of mathematics
4. Father of modern mathematics
5. Father of geometry
6. Book known as the bible of Mathematics
7. Author of ‘Leelavathi’
8. How much more is $81^2$ than $80^2+1$?
9. The digit on unit place of the product of all prime numbers below hundred.
10. If A :B =2:3, B: C=4:5 what is A: B: C?

Answers

1. Shakuntala Devi
2. 1729
3. Archimedes
4. Rene Descartes
5. Euclid
6. Elements
7. Bhaskaracharya
8. 160
9. 0
10. 8: 12:15

SUJA SREEKUMAR

HST MATHS

## Demerits of Mobile Pho-e




Mobile phones are constant always available, an real – time communication avenue. Incoming calls, emails, texts or social media related notification get into your phone a few seconds after being sent. It is a convenient thing but how about all those singing and notification when listening to a manager or 'CEO' in a business meeting? That sound does not interrupt you alone but also the speaker and other members in the room.

Hacking anyone's personal data can be easily hacked if not properly secured and can be shared all over the internet. The hacker may mis – use there Private property. Since these scammers know the high population of social media, they take advantage of it for their personal desires.

Parvathy B

5

## A LONG NIGHT

In the night all the good time becomes dark and we feel like we are alone, all dreams come like nothing with as I' m 5 years old girl and I'm very sad about my life. I lost my parents four days ago. I don't have anything in my life. Every night is very sad for me and I don't have to do anything. I'm missing myself somewhere all the thoughts come into my heart and I just cry and at last. I lost my control and sleep. The time is slowly gone by hour by hour and my thinking is how long was night don't say something in that time.

Long…. Long ago after 30years my life became a big change. Long nights taught me about the life and now I'm an doctor and I have also may good and sweet nights in my life. Don't upset on dark and long nights. Just think positively about that time and don't waste your time. Just think about today not tomorrow because today is today not tomorrow. The life gives us so many opportunities. Just look forward and face them with our mind and there is only one chance, there is no second chance.

Only a stronger mind face the problems about life. Just look and do what you like and there will be a positive saying to anything you will do. This is not a inspiring story this is just my story.

Divya Singh

X B

## PARROT AND SQUIRREL

A parrot chick loved the sun. "It's the most beautiful thing I have ever seen", the parrot chick told her friends, a squirrel and a caterpillar. One day, a big gray cloud covered the sun. it began to rain. 'Oh no!" the parrot cried. "I don't like the cloud. It is hiding the sun". "wait a while' the squirrel said. "You may see something more beautiful" "Yes", caterpillar said.

The parrot chick wondered what her friends were talking about. When it stopped raining the clouds floated away, and something beautiful appeared in the sky. " A rainbow!" it forms because of the rain and the sun!" The parrot chick exclaimed. The parrot chick never complained about the rain again and always waited to see the rainbow.

Mary Aleena Augustine

9 B

# Loving Memories

I am still dreaming;

About my childhood memories

The day I wondered

Who painted the wings of butterflies?

The night I played

With the bright light of man

The school days I,

Enjoyed my best and my

Cooking ideas which

Always made everyone in trouble

These memories always live

With me as my loving memories

Gouri Parvathy K P

9 B

***